പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3055 — 11/12/2014 ൽ മറുപടിയ്ക്ക്

## ആർ.ഒ.ആർ സമ്പ്രദായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ആലത്തൂർ താലൂക്ക് ഓഫീസിൽ (ആലത്തൂർ, വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ) പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ആർ.ഒ.ആർ. സമ്പ്രദായം നടപ്പിലാക്കിയിട്ട് എത്ര മാസമായി; | (എ) ആലത്തൂർ, വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ 15/09/2011 മുതൽ റെലിസ് പദ്ധതി വഴി ആർ.ഒ.ആർ. സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ ഈ സമ്പ്രദായത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത സമ്പ്രദായത്തെക്കുറിച്ച് ഇപ്പോഴത്തെ വിലയിരുത്തൽ എന്താണ്; | (സി) ഓൺലൈൻ പോക്ക്വരവ് സംവിധാനം വളരെ നല്ല രീതിയിൽ നടന്നുവരുന്നു, ലഭ്യമായ കണക്ക് പ്രകാരം റെലിസ് പദ്ധതിയിലൂടെ 08.12.2014 വരെ 24717 ആർ.ഒ.ആർ വിതരണവും 16081 ഓൺലൈൻ പോക്കുവരവും നടന്നിട്ടുണ്ട്. |
| (ഡി) പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ സമ്പ്രദായം തുടരുന്നതിനോ മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനോ റവന്യൂ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) ഉണ്ട്. 9 ജില്ലകളിലെ റീസർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളെ സബ് രജിസ്ട്രാർ ഓഫീസുകളുമായി കോർത്തിണക്കി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) പൊതുജനങ്ങളിൽ നിന്നും ഇതുവരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിച്ചോ? | (ഇ) ഡേറ്റാബേസിലെ തിരുത്തലുകൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപ്പപ്പോൾതന്നെ തിരുത്തലുകൾ വരുത്തുകയാണ് ചെയ്യുന്നത്. കൂടാതെ ആലത്തൂർ വില്ലേജിൽ പോക്കുവരവ് അനുവദിക്കാത്തത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ, കോടതി പരാമർശ പ്രകാരം രജിസ്ട്രേഷൻ നടത്തിയെങ്കിലും പൂർണ്ണകൈമാറ്റാവകാശമില്ലാത്തതിനാൽ പോക്കുവരവ് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ